(ബി) പുനർനിർമ്മാണത്തിനുള്ള അടങ്കൽ എത്രയാണ് ;

(സി) എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(ഡി) ഒന്നാം ഘട്ടമായി ഏതെല്ലാം പ്രദേശങ്ങളാണ് പുനർനിർമ്മിക്കുന്നത് ; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കും ?

ഉത്തരം

(എ-ഡി) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി വികസിപ്പിച്ച പാലക്കാട്- ഷൊർണ്ണൂർ റോഡ്, ചൂണ്ടൽ-കുറ്റിപ്പുറം റോഡ്, അടൂർ - ചെങ്ങന്നൂർ റോഡ്, മൂവാറ്റുപുഴ-അങ്കമാലി റോഡ്, മൂവാറ്റുപുഴ-തൊടുപുഴ റോഡ് എന്നീ 150 കി.മീറ്ററോളം വരുന്ന റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. 172 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ടി പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ ചെയ്ത നടപ്പിലാക്കുന്നതാണ്. റോഡുകളുടെ ഉപരിതലം പുതുക്കൽ, ഓടകൾ, കലുങ്കുകൾ ഇവയുടെ വൃത്തിയാക്കൽ, ആവശ്യമായ റോഡ് സുരക്ഷാ പ്രവൃത്തികൾ, റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

പി.ഡബ്ല്യു.ഡി. കരാറുകാർക്കുള്ള കുടിശ്ശിക

255 (1289) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം കരാർ പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 28-2-2015 വരെ കുടിശ്ശിക ബില്ലിനത്തിൽ 1711.19 കോടി രൂപയും കെട്ടിടവിഭാഗത്തിൽ 02/2015 വരെ 477.97 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 45.72 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമ്പത്തിക പ്രതിസന്ധി കാരണം പൊതുമരാമത്ത് വകുപ്പിൽ നേരത്തേ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ മടി കാണിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം നിലവിൽ വന്നശേഷം സ്ഥിതിഗതികൾ മെച്ചപ്പെട്ടിട്ടുണ്ട്.

(സി) കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിലെ സെപ്റ്റംബർ 2014 വരെയുള്ള ബില്ലുകൾക്കും കെട്ടിടവിഭാഗത്തിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾക്കും ബിൽ ഡിസ്കൗണ്ടിംഗ് നൽകി തുക നൽകാൻ ഉത്തരവായിട്ടുണ്ട്. ബിൽ ഡിസ്കൗണ്ട് ചെയ്യുമ്പോൾ കരാറുകാർ വഹിക്കേണ്ടിവരുന്ന പലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്.

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുന്ന പി.ഡബ്ല്യു.ഡി. ജോലികൾ

256 (1290) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ജോലികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ ; എങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കോർപ്പറേഷൻ ലിമിറ്റഡിന് എത്ര രൂപയുടെ ജോലികൾ പി.ഡബ്ല്യു.ഡി. നൽകിയിട്ടുണ്ട് ; ഇവ ഏതൊക്കെയെന്നും എവിടെയൊക്കെയെന്നും ഓരോന്നും എത്ര രൂപയുടെ വീതം ജോലിയാണെന്നും നിയോജക മണ്ഡലം തിരിച്ച് വിശദമാക്കുമോ :

(സി) ടെണ്ടർ ചെയ്യാതെ പ്രസ്തുത കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ ; ഓരോന്നിന്റെയും വിശദാംശങ്ങളും തുകയും നിയോജകമണ്ഡലം ഏതെന്നും വിശദമാക്കുമോ :

(ഡി) ടെണ്ടർ ചെയ്യാതെ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് പ്രവൃത്തികൾ കൊടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly